# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 877 30.11.2018-ൽ മറുപടിക്ക്

## സിനിമാരംഗത്തുള്ള സ്ത്രീകളുടെ പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ

**ചോദ്യം**

ഡോ.എം. കെ. മുനീർ
ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ. കെ.എം.ഷാജി

**മറുപടി**

ശ്രീ. എ.കെ.ബാലൻ
(ബഹു. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക
സമുദായക്ഷേമവും നിയമവും സാംസ്കാരികവും
പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സിനിമാരംഗത്തു സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് പഠിക്കാൻ സർക്കാർ കമ്മീഷനെ നിയോഗിച്ചിരുന്നുവോ; | (എ), & (ബി) | സിനിമാ രംഗത്ത് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ 3 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ട്. മുൻ ഹൈക്കോടതി ജസ്റ്റിസായ ശ്രീമതി കെ.ഹേമ അദ്ധ്യക്ഷയും ശ്രീമതി വത്സലാകുമാരി, ശ്രീമതി ശാരദ എന്നിവർ അംഗങ്ങളുമായ ഒരു സമിതി 01.07.2017 ലെ സ.ഉ.(കൈ)നം.16/2017/സാം.കാ.വ ഉത്തരവ് പ്രകാരം രൂപീകരിക്കുകയും 16.11.2017 ലെ സ.ഉ.(സാധാ) നം.661/2017/സാം.കാ.വ ഉത്തരവ് പ്രകാരം സമിതിയുടെ കാലാവധി, വിഷയങ്ങൾ എന്നിവ നിർണയിച്ച് ഉത്തരവാകുകയും, ആയത് പ്രകാരം സമിതി പ്രവർത്തിച്ചു വരുകയും ചെയ്യുന്നു. സമിതിയ്ക്ക് 6 മാസക്കാലയളവാണ് കാലാവധി നിശ്ചയിച്ചു നൽകിയിരുന്നത്. എന്നിരുന്നാലും റിപ്പോർട്ട് സമർപ്പിക്കുവാൻ സാവകാശം വേണമെന്ന് സമിതി ആവശ്യപ്പെട്ടതനുസരിച്ച്, 02.07.2018 ലെ സ.ഉ.(കൈ).25/2018/സാം.കാ.വ ഉത്തരവ് പ്രകാരം കാലാവധി 2018 മെയ് 16 മുതൽ 6 മാസത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ കാലാവധി നവംബറിൽ അവസാനിക്കുമെന്നതിനാൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലാവധി നീട്ടി നൽകണമെന്ന് സമിതി അദ്ധ്യക്ഷ ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | എങ്കിൽ ഈ കമ്മീഷനോട് എന്നത്തേക്ക് റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരിക്കുന്നത്; | | |
| (സി) | സിനിമാ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇന്റേണൽ കംപ്ലയന്റ് കമ്മിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഇതിനായി എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ.? | (സി) | ഉണ്ട്. സിനിമാ നിർമ്മാണ കേന്ദ്രങ്ങളെയും നിർമ്മാണ വേളകളെയും തൊഴിൽ സ്ഥലത്തെ ലൈംഗിക തൊഴിൽ പീഡന നിയമം 2013 ന്റെ പരിധിയിൽ കൊണ്ടുവരണമെന്ന നിർദ്ദേശം നിർദ്ദിഷ്ട സിനിമാ റഗുലേറ്ററി അതോറിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**